ലണ്ടനിലെ ഇന്ത്യാ ഓഫീസ് ലൈബ്രറിയിലെ കേരളത്തെ സംബന്ധിച്ച പുരാരേഖകൾ

* * 519 (553) ശ്രീ. നാലകത്ത് സൂപ്പി:
,, സി. ടി. അഹമ്മദ് അലി:
,, കെ. പി. എ. മജീദ്:
,, പി. കെ. കെ. ബാവ:
,, പി. എം. അബൂബക്കർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലണ്ടനിലെ ഇൻഡ്യാ ഓഫീസ് ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുള്ള പുരാരേഖകളിൽ കേരളത്തെ സംബന്ധിച്ച വിലപിടിപ്പുള്ള പുരാരേഖകൾ എന്തെങ്കിലും ഉള്ളതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, അവ കേരളത്തിന് ലഭ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) ഉണ്ട്.

(ബി) രേഖകൾ ലഭ്യമാക്കുന്നതിനുവേണ്ടി വിദ്യാഭ്യാസമന്ത്രിയും ആർക്കൈവ്സ് ഡയറക്ടറും ലണ്ടൻ സന്ദർശിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുകയും, അവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

കേരളത്തിനാവശ്യമായരേഖകൾ തിരഞ്ഞെടുത്ത് 'മൈക്രോ ഫിലിം' ചെയ്തു സൂക്ഷിക്കുവാൻ ആർക്കൈവ്സ് ഡയറക്ടറെ നിയോഗിച്ചിട്ടുണ്ട്. 1986-87-ലെ പ്ലാൻ ബഡ്ജറിൽ ഇതിനുവേണ്ട തുക വകകൊള്ളിച്ചിട്ടുണ്ട്.

കർഷക സംഘടനകളുടെ നിവേദനം

* 520 (554) ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി):
,, കെ. പി. അരവിന്ദാക്ഷൻ:
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ:
,, എസ്. ഗോവിന്ദക്കുറുപ്പ്:
,, പി. വി. കുഞ്ഞിക്കണ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കർഷക സംഘടനകൾ സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ എന്തു നടപടി യെടുത്തു;

(സി) നിവേദനത്തിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ എന്തൊക്കെയാണ്?

LIBRARY ARCHIVES Kerala Legislative Assembly